# സർക്കുലർ

## കേരള സർവകലാശാല ഡിപ്പാർട്ട്മെൻറ്സ് യൂണിയൻ 2025-26 തെരഞ്ഞെടുപ്പ്

### മത്സരാർത്ഥികൾ/ഏജൻറ്മാർക്കുള്ള നിർദ്ദേശങ്ങൾ

കേരള സർവകലാശാല ഡിപ്പാർട്ട്മെൻറ്സ് യൂണിയൻ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് 07.11.2025-ൽ കാര്യവട്ടം ഗോൾഡൻ ജൂബിലി ഹാളിൽ വച്ചു നടക്കുന്ന വോട്ടെടുപ്പിനും തുടർന്ന് 03.00 മണി മുതൽ സെനറ്റ് ഹാളിൽ ആരംഭിക്കുന്ന വോട്ടെണ്ണലിനും പങ്കെടുക്കുന്ന മത്സരാർത്ഥികൾ/ഏജൻറ്മാർക്കുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. പോളിംഗ്/കൗണ്ടിംഗ് പ്രക്രിയകൾ നടക്കുന്ന സ്ഥലങ്ങളിലേക്കുള്ള പ്രവേശനം പാസ്മൂലം ക്രമീകരിച്ചിരിക്കുന്നു. പ്രസ്തുത സ്ഥലങ്ങളിലേക്ക് മത്സരാർത്ഥികൾ/ അവരുടെ പ്രതിനിധികളായ വോട്ടർ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തികൾ എന്നിവർക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളൂ. പ്രവേശന പാസ് അനുവദിച്ച് കിട്ടുന്നതിനുള്ള മത്സരാർഥിയുടെ അപേക്ഷ **06.11.2025**ന് ഉച്ചക്ക് 02.00 മണിക്ക് മുമ്പ് നേരിട്ടോ ഇമെയിൽ (election@keralauniversity.ac.in) മുഖേനയോ സർവകലാശാല ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.
2. അപേക്ഷകൾ പരിശോധിച്ച്, മത്സരാർത്ഥികൾ/ഏജൻറ്മാർക്ക് പോളിംഗ് ബൂത്തിലേക്കുള്ള പ്രവേശന പാസ് 07.11.2025-ന് രാവിലെ 9.45-ന് വോട്ടെടുപ്പ് നടക്കുന്ന ഗോൾഡൻ ജൂബിലി ഹാളിന്റെ പ്രവേശന കവാടത്തിൽ നിന്നും, കൗണ്ടിംഗ് ബൂത്തിലേക്കുള്ള പ്രവേശന പാസ് അന്നേ ദിവസം ഉച്ചയ്ക്ക് 02.45-ന് വോട്ടെണ്ണൽ നടക്കുന്ന സെനറ്റ് ഹാളിന്റെ പ്രവേശന കവാടത്തിൽ നിന്നും വിതരണം ചെയ്യുന്നതാണ്.
3. പോളിംഗ്/കൗണ്ടിംഗ് ഹാളിൽ പ്രവേശിക്കുന്നതിനായി മത്സരാർത്ഥികൾ/ ഏജൻറ്മാർ ഐഡൻറിറ്റി കാർഡ് നിർബന്ധമായും ഹാജരാക്കേണ്ടതാണ്.
4. വോട്ടെണ്ണൽ പ്രക്രിയയുമായി ബന്ധപ്പെട്ട് എന്തെങ്കിലും ആക്ഷേപം ഉന്നയിക്കുന്ന പക്ഷം, പ്രസ്തുത വ്യക്തി റിട്ടേർണിംഗ് ഓഫീസറെ സമീപിക്കേണ്ടതാണ്. വ്യക്തികൾ കൂട്ടമായി വരുന്നതോ, അനാവശ്യ തർക്കങ്ങളും ഇടപെടലുകളും സൃഷ്ടിക്കുന്നതോ വോട്ടെണ്ണൽ നിർത്തി വയ്ക്കുന്നതിലേക്കും തുടർന്ന് നിയമ നടപടി സ്വീകരിക്കുന്നതിലേക്കും നയിക്കുന്നതാണ്.
5. പോളിംഗ്/കൗണ്ടിംഗ് നടക്കുന്ന ഹാളിലേക്കുള്ള പ്രവേശനവും ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളും ക്യാമറ നിരീക്ഷണത്തിലായിരിക്കും.
6. പോലീസിന്റെയും സെക്യൂരിറ്റി ജീവനക്കാരുടെയും നിർദ്ദേശങ്ങൾ മത്സരാർത്ഥികൾ /ഏജൻറുമാർ കർശനമായി പാലിക്കേണ്ടതാണ്.

Sd/-

**04.11.2025** **Registrar (i/c)/Returning Officer**